223 (289) റവന്യൂ വകുപ്പിൽനിന്നും നൽകേണ്ട സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്നും നൽകേണ്ട സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്;

(സി) റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന് വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ചില കേസ്സുകളിൽ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാലതാമസം വരുത്താതെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവൺമെന്റിന്റെ 6.3.1999-ലെ ഉത്തരവ് നം. 49/99/പജ:പവ:വിവ: പ്രകാരം സ്കൂൾ പ്രവേശനത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റിനു ലഭിക്കുന്ന അപേക്ഷകൾ റവന്യൂ അധികൃതർ മുൻഗണന നൽകി തീർപ്പാക്കേണ്ടതും, അർഹരായവർക്ക് സ്കൂൾ അഡ്മിഷൻ സമയത്തുതന്നെ സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയുംവിധം കാലതാമസംകൂടാതെ സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകേണ്ടതുമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

224 (290) പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി ഉയർത്തുന്നതിന് നടപടി

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
ശ്രീ ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വലിയ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയായി ഉയർത്തുന്നതിന് സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ പഞ്ചായത്തുകളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ;

(സി) പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി ഉയർത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാ ക്കുമോ;

(ഡി) ഇത് സംബന്ധിച്ച് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ പ്രഖ്യാപിച്ചി ട്ടുണ്ട്;

(ഇ) പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി ഉയർത്തുന്നതിന് ഏതെങ്കിലും കമ്മിഷനെ നിയമിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ കമ്മിഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

ഉത്തരം

(എ) ഇല്ല. എന്നാൽ ഏതാനും ഗ്രാമപഞ്ചായത്തുകളെ സമീപ മുനി സിപ്പാലിറ്റികളിൽ/കോർപ്പറേഷനിൽ ലയിപ്പിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെ ടുവിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അതതു പ്രദേശത്തെ നഗരവൽക്കരണം ജനസംഖ്യ, ജനസാ ന്ദ്രത, തദ്ദേശഭരണ നടത്തിപ്പിന് ലഭിക്കാവുന്ന വരുമാനം, കാർഷികേതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ തോത്, സാമ്പത്തിക പ്രാധാന്യം തുടങ്ങിയവയാണ് ഇതിനു സ്വീകരിക്കുന്ന മാനദണ്ഡം.

(ഡി) ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

225 (291) കൈത്തറി മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച പഠനം

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് 'വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ സംരക്ഷണത്തിനും നവീകരണത്തിനുമായി കേന്ദ്രസർക്കാരിന് എന്തെങ്കിലും നിർദ്ദേശം സമർപ്പി ച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെ സംബ ന്ധിച്ച് പഠനം നടത്തുന്നതിനായി കേന്ദ്രസർക്കാർ ഏതെങ്കിലും കമ്മിഷനെ നിയോഗിച്ചതായി അറിവുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly